41 (354) സർക്കാർ ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ

ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ് തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും 1.3.97 മുതൽ നടപ്പിലാക്കിയ ശമ്പള പരിഷ്കരണത്തിൽ ശമ്പള കുടിശ്ശികയായി എന്തു തുക നൽകേണ്ടി വരുമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പരിഷ്കരണംമൂലം 1.3.97 നു മുൻപ് പെൻഷൻ ആയവർക്ക് എത്രകോടി രൂപയുടേയും, 1.3.97 നുശേഷം പെൻഷൻ ആയവർക്ക് എത്ര കോടി രൂപയുടേയും, സർവ്വീസിലുള്ളവർക്ക് എത്ര കോടി രൂപയുടേയും, ആനുകൂല്യങ്ങൾ ലഭിച്ചുവെന്നറിയിക്കാമോ;

(സി) ഈ ശമ്പള പരിഷ്കരണത്തിനുവേണ്ടി പ്രതിമാസം എന്തു തുക അധികമായി ചെലവഴിക്കുന്നുണ്ട്;

(ഡി) ശമ്പള പരിഷ്കരണം നടപ്പിലായതിനു ശേഷം ഓരോ സാമ്പത്തിക വർഷവും എത്രകോടി രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്നുണ്ടെന്ന് അറിയിക്കുമോ;

(ഇ) സംസ്ഥാന സർക്കാരിന്റെ വരുമാനത്തിൽ എത്രശതമാനം തുക ശമ്പളമിനത്തിൽ മാത്രം ചെലവഴിക്കുന്നുണ്ട്;

(എഫ്) സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും കുടിശ്ശിക തുകയായി നൽകാനുള്ള രണ്ടു ഗഡു ക്ഷാമബത്ത എന്നത്തേയ്ക്ക് അനുവദിക്കുമെന്നും ഈ ആവശ്യത്തിനുവേണ്ടി എന്തു തുക വേണ്ടിവരുമെന്നും വ്യക്തമാക്കാമോ;

(ജി) ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന സംഗതിയെ സംബന്ധിച്ച് സർക്കാർ നയം വിശദമാക്കാമോ?

ഉത്തരം

(എ) കൃത്യമായ കണക്കുകൾ ലഭ്യമല്ല.

(ബി) 1.3.97 നു മുൻപ് പെൻഷനായവർക്ക് 98.50 കോടി രൂപയുടേയും 1.3.97 ന് ശേഷം പെൻഷൻ ആയവർക്ക് 239 കോടി രൂപയുടെയും സർവ്വീസിലുള്ളവർക്ക് 566.50 കോടി രൂപയുടെയും ആനുകൂല്യങ്ങൾ ലഭിക്കുമെന്നാണ് കണക്കാക്കുന്നത്.

(സി) ഉദ്ദേശം 75 കോടിയോളം രൂപ പ്രതിമാസം അധികമായി ചെലവഴിക്കുന്നുണ്ടെന്നു കണക്കാക്കുന്നു.

(ഡി) അക്കൗണ്ടന്റ് ജനറലിൽ നിന്നും അന്തിമ കണക്കുകൾ ലഭ്യമായിട്ടില്ല.

(ഇ) 51% (98-99 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് പ്രകാരമാണ് ശമ്പള ബാദ്ധ്യത കണക്കാക്കിയിട്ടുള്ളത്)

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും കുടിശ്ശികയായി നൽകാനുള്ള ക്ഷാമബത്തയുടെ രണ്ടുഗഡുക്കൾ താമസംവിനാ അനുവദിക്കുന്നതാണ്. ഇതിൽ 1.1.99 മുതലുള്ള 10% ക്ഷാമബത്തയ്ക്കായി പ്രതിവർഷം 324 കോടി രൂപയും 1.7.99 മുതലുള്ള 5% ക്ഷാമബത്തയ്ക്കായി പ്രതിവർഷം 162 കോടി രൂപയും അധിക ബാദ്ധ്യത ഉണ്ടാകുമെന്ന് കണക്കാക്കിയിരിക്കുന്നു.

(ജി) വ്യക്തമായ തീരുമാനം എടുത്തിട്ടില്ല.

42 (355) സർക്കാർ ജീവനക്കാരുടെ അഞ്ചാം ശമ്പള പരിഷ്കരണത്തിലൂടെ ലഭിച്ച ആനുകൂല്യങ്ങളുടെ വിവരം

<u>ശ്രീ. എൻ. കണ്ണൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ അഞ്ചാം ശമ്പള പരിഷ്കരണത്തിനായി എത്ര രൂപയുടെ ആനുകൂല്യങ്ങളാണ് ശമ്പള കമ്മീഷൻ ശുപാർശ ചെയ്തിരുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ശമ്പള പരിഷ്കരണ ഉത്തരവ്മൂലം ഒരു വർഷത്തിൽ എത്രരൂപയുടെ ആനുകൂല്യങ്ങളാണ് ജീവനക്കാർക്ക് വിതരണം ചെയ്യുന്നത് എന്ന് വെളിപ്പെടുത്താമോ;

(സി) ശമ്പള പരിഷ്കരണ ഉത്തരവ് പുറത്തിറങ്ങിയതിനുശേഷം അപാകതകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി പുതുതായി ഏതെല്ലാം ആനുകൂല്യങ്ങളാണ് വിവിധ മേഖലകൾക്ക് പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിനായി എന്തു തുക വേണ്ടി വരും എന്ന് വെളിപ്പെടുത്തുമോ;

(ഡി) ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുന്ന കമ്മിറ്റിയുടെ കാലാവധി അവസാനിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് അവസാനിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1997-ലെ ശമ്പള പരിഷ്കരണ കമ്മിറ്റിയുടെ ശുപാർശപ്രകാരം

(ബി) 637/- കോടി രൂപയുടെ അധിക ചെലവാണ് കണക്കാക്കിയിരുന്നത്. എന്നാൽ സർക്കാർ നൽകിയ ആനുകൂല്യങ്ങൾകൂടി കണക്കിലെടുക്കുമ്പോൾ പ്രതിവർഷം 904/- കോടി രൂപയുടെ അധികച്ചെലവുണ്ടാകുമെന്ന് കണക്കാക്കിയിരുന്നു. എന്നാൽ നടപ്പിലായപ്പോൾ 1200 കോടിയിലധികം വന്നു.

(സി) 25.11.98 ലെ ശമ്പളപരിഷ്കരണത്തിനുശേഷം പോലീസ് വകുപ്പിലെ സബ് ഇൻസ്പെക്ടർ, ആരോഗ്യവകുപ്പിലെയും ഇൻഷുറൻസ് മെഡിക്കൽ വകുപ്പിലെയും അലോപ്പതി ഡോക്ടർ എന്നിവയുൾപ്പെടെ ചില തസ്തികകളുടെ ശമ്പളം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനുവേണ്ടി എത്ര തുക വരുമെന്ന് കണക്കാക്കിയിട്ടില്ല.

(ഡി) ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി നിയോഗിച്ച ഉന്നതാധികാര കമ്മിറ്റി ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly